"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ് സ്വയംഭരണ വകുപ്പ്-എഞ്ചിനീയറിംഗ് വിഭാഗം-ജീവനക്കാര്യം-അസിസ്റ്റന്റ് എൻജിനീയറായ ശ്രീമതി സുരഭി സി.എസ്.ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യു.എ.) വകുപ്പ്**

സ.ഉ.(സാധാ) നം.233/2022/LSGD തീയതി,തിരുവനന്തപുരം, 04-02-2022

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ,18.01.202 2 ലെ ഇ3-7845/2021/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.
2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.01.202 2 ലെ ഇ3-7485/2021/സി.ഇ/തസ്വഭവ നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന** അസി.എഞ്ചിനീയറായി നിയമിക്കപ്പെടുകയും 25.01.2012 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്ത ശ്രീമതി സുരഭി സി.എസ്., അസി.എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ കാലയളവിൽ നിർബന്ധമായും പാസ്സാകേണ്ട വകുപ്പുതല പരീക്ഷ പാസ്സായിരുന്നില്ല. ടിയാൾ നിശ്ചിത യോഗ്യത ആർജിച്ച വകുപ്പുതല പരീക്ഷയുടെ അവസാന തീയതി 23.08.2016 ആണ്. ആയതിനാൽ, 24.08.2016 പൂർവ്വാഹ്നത്തിൽ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിനായി പ്രൊബേഷൻ കാലയളവ് 25.08.2016 അപരാഹ്നം വരെ ദീർഘിപ്പിച്ച് നൽകേണ്ടതായിട്ടുണ്ട്. പ്രൊബേഷൻ കാലയളവിൽ ടിയാൾ അവധികൾ ഒന്നും തന്നെ വിനിയോഗിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ടിയാന്റെ പ്രൊബേഷൻ കാലയളവ് പരാമർശം (1) പ്രകാരം 24.01.2015 അപരാഹ്നം വരെ ദീർഘിപ്പിക്കുകയും തുടർന്ന്, ടിയാളുടെ പ്രൊബേഷൻ കാലയളവ് 25.08.2016 അപരാഹ്നം വരെ ദീർഘിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടിയാൾ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് മറ്റ് തരത്തിൽ അർഹയാണ് എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയര് റിപ്പോര്ട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീമതി സുരഭി സി.എസ്.ന്റെ അസി.എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ കാലയളവ് 25.01.2015 പൂർവ്വാഹ്നം മുതൽ 25.08.2016 അപരാഹ്നം വരെ 1958 ലെ കെ.എസ്&എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

1. ശ്രീമതി സുരഭി സി.എസ്.,അസി.എഞ്ചിനീയർ (*തസ്വഭവ ചീഫ് എഞ്ചിനീയര് മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറല് (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂര്
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

സ.ഉ.(സാധാ) നം.233/2022/LSGD

ഉത്തരവിൻ പ്രകാരം

Signed by Sreekanth G
Date: 07-02-2022 13:10:25

സെക്ഷൻ ഓഫീസർ